**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 5660 27.10.2011-ലെ മറുപടിയ്ക്ക്

## ശ്രീ. വി. പി. കുഞ്ഞികൃഷ്ണൻ നായരുടെ പെൻഷനുവേണ്ടിയുള്ള അപേക്ഷ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ. സി.എൻ.ബാലകൃഷ്ണൻ (സഹകരണ വകുപ്പ് മന്ത്രി) |
| (എ) പേരാമ്പ്ര റീജ്യണൽ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിന്നും വിരമിച്ച ശ്രീ. വി. പി. കുഞ്ഞികൃഷ്ണൻ നായരുടെ പെൻഷനുവേണ്ടിയുള്ള അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ ആയതിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;<br>(സി) പ്രസ്തുത വ്യക്തിക്ക് പെൻഷൻ ലഭിക്കുന്നതിന് തടസ്സങ്ങൾ എന്തെങ്കിലുമുണ്ടോ എന്ന് വെളിപ്പെടുത്തുമോ? | (ബി) യും (സി) യും ശ്രീ.വി.പി.കുഞ്ഞികൃഷ്ണൻ നായരുടെ പെൻഷനുവേണ്ടിയുള്ള അപേക്ഷ 26.7.2003 ൽ പെൻഷൻ ബോർഡിൽ ലഭിക്കുകയും ആയത് പരിശോധിച്ച് പെൻഷൻ ഫണ്ട് കണക്കാക്കി തുക പെൻഷൻ ഫണ്ടിൽ ഒടുക്കുന്നതിന് പേരാമ്പ്ര റീജിയണൽ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിന് 31.12.2003-ന് പെൻഷൻ ബോർഡ് നിർദ്ദേശം നൽകിയെങ്കിലും ഫണ്ട് ഇനിയും അടവാക്കിയിട്ടില്ല. പെൻഷൻ ഫണ്ടിൽ ഒടുക്കേണ്ട തുക ഒടുക്കിയാൽ മാത്രമേ പെൻഷൻ അനുവദിക്കാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ